File No.CEE/196/2022-A3

ഭരണഭാഷ മാതൃഭാഷ

**കേരള സർക്കാർ**


പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ,
തിരുവനന്തപുരം–695001
email – ceekinfo.cee@kerala.gov.in
website – www.cee.kerala.gov.in
ഫോൺ: 0471–2525300


നം. എ 3/196/2022/സിഇഇ തീയതി: 05/11/2022

## സർക്കുലർ

**സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2018–19 അധ്യയന വർഷം എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് ബിപിഎൽ സ്കോളർഷിപ്പ് അനുവദിക്കുന്നത് സംബന്ധിച്ച്**

സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 2018–19 ബാച്ച് വിദ്യാർഥികൾ, ടിയാന്മാർക്ക് അഞ്ചാം വർഷത്തെ ബിപിഎൽ സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ലാത്തതിനാൽ 2022–23 അധ്യയന വർഷത്തെ ട്യൂഷൻ ഫീസ് ഒടുക്കിയിട്ടില്ലെന്നും ടി വിദ്യാർഥികൾക്ക് പഠന പ്രവർത്തനങ്ങളിൽ കോളേജ് അധികൃതർ വിലക്കേർപ്പെടുത്തുന്നതായും അറിയിച്ചിരിക്കുന്നു. 2018–19 ബാച്ചിലെ അർഹരായ വിദ്യാർഥികൾക്ക് നാല് വർഷത്തെ ബിപിഎൽ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട് . അർഹരായ വിദ്യാർഥികൾക്ക് ബിപിഎൽ സ്കോളർഷിപ്പിന്റെ അഞ്ചാം ഗഡു (ട്യൂഷൻ ഫീസിന്റെ 90% തുക) അടിയന്തിരമായി അനുവദിക്കുന്നതാണ്. ബിപിഎൽ സ്കോളർഷിപ്പ് സംബന്ധിച്ച സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സ്കോളർഷിപ്പിന് അർഹരായ വിദ്യാർഥികളിൽ നിന്നും 10% ട്യൂഷൻ ഫീ വാങ്ങണമെന്നും ടി വിദ്യാർഥികൾക്ക് പഠന പ്രവർത്തനങ്ങളിൽ യാതൊരുവിധ വിലക്കും ഏർപ്പെടുത്താൻ പാടില്ലെന്നും എല്ലാ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്കും കർശന നിർദ്ദേശം നൽകുന്നു.

Joint Commissioner (Academic)
For Commissioner for Entrance Examinations

പകർപ്പ്-

എല്ലാ സ്വകാര്യ സ്വാശ്രയ മെഡിക്കൽ
കോളേജ് പ്രിൻസിപ്പൽമാർക്കും